F.Y.
September 2016

Reg. No. ..

Name ......

402

# First Year Higher Secondary Improvement Examination

## Part - II

## മലയാളം (Malayalam)

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന്തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

HSSLIVE.IN

**വലയത്തിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.** **(4 × 1 = 4)**

1. ഗാഥാപ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രാചീന കവി ആര്?
(പൂന്താനം, ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ)

2. 'ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ-
യുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം' - ആരുടേതാണീ വരികൾ?
(ചുള്ളിക്കാട്, ആറ്റൂർ, വൈലോപ്പിള്ളി, ശ്രീനാരായണഗുരു)

3. ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച പരിസ്ഥിതി ചിത്രത്തിനുള്ള വസുധ പുരസ്കാരം നേടിയ ഡോക്യുമെന്ററി?
(കേൾക്കുന്നുണ്ടോ, നീലക്കുയിൽ, ബൈസിക്കിൾ തീവ്സ്, കൈപ്പാട്)

4. കെ.ആർ. മീരയുടെ ഓർമ്മയുടെ ഞരമ്പ് എന്ന കഥയിൽ പരാമർശിക്കുന്ന മഹാകവി ആര്?
(എഴുത്തച്ഛൻ, കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ)

ഖ

**കൂട്ടത്തിൽപ്പെടാത്തതേത്?** **(4 × 1 = 4)**

1. കുറ്റിച്ചൂല്, നാറത്തേപ്പ്, വായ്ത്തല, ഞണുങ്ങിയ വക്കാർന്ന കഞ്ഞിപ്പാത്രം.

2. പൊൻ ചെമ്പകം പൂത്ത കരൾ, കനകമൈലാഞ്ചിനീരിൽ തുടുത്ത വിരൽ,
കണ്ണിലെ കൃഷ്ണകാന്തം കൊണ്ടുപൂത്ത ചില്ലകൾ, എണ്ണകാച്ചിയ നൊമ്പരം.

3. ദേവകീ മാനമ്പള്ളി, ഇക്കണ്ടക്കുറുപ്പ്, സുമിത്രാനന്ദസരസ്വതി, മിസ്സിസ് നായർ.

4. സംക്രമണം, അനുകമ്പാദശകം, ദൈവദശകം, ദർശനമാല.

ഗ

**ചേരുംപടി ചേർക്കുക** **(4 × 1 = 4)**

| | | |
|---|---|---|
| 1. കേൾക്കുന്നുണ്ടോ | – | രാഷ്ട്രതന്ത്രം |
| 2. ടി. പി. രാജീവൻ | – | ഹസ്ന |
| 3. എൻ. എ. നസീർ | – | ശസ്ത്രക്രിയ |
| 4. കെ. പി. രാമനുണ്ണി | – | വന്യജീവി ഫോട്ടോഗ്രാഫി |
| | – | ബാബു കാമ്പ്രത്ത് |

HSSLIVE.IN

ഘ

**ശരിയോ തെറ്റോ എന്നെഴുതുക** **(2 × 1 = 2)**

1. കവികൾ തന്നിഷ്ടം പോലെ ലോകങ്ങൾ ഉണ്ടാക്കുന്നു.

2. 'വാസനാവികൃതി' മലയാളത്തിലെ ആദ്യത്തെ ചെറുകഥയായി കണക്കാക്കപ്പെടുന്നില്ല.

## ങ

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക** **(4 × 3 = 12)**

1. 'എന്നെത്തന്നെ നോക്കിക്കൊണ്ടു നിൽക്കുന്നു. സൂര്യനെ ദർശിച്ച വസുന്ധരയെപ്പോലെ ..........'
'ശസ്ത്രക്രിയ'യിലെ അമ്മ ഇങ്ങനെ നോക്കി നിൽക്കുന്നതെപ്പൊഴാണ്?

2. 'സൗകര്യം പോലെ വായിക്കാവുന്ന ഒരു ലഘുഗ്രന്ഥമാണല്ലോ ഞാൻ'
ആരാണിങ്ങനെ പറയുന്നത്? വ്യക്തമാക്കുക.

3. 'ആവർത്തനത്തിന്റെ അസാധാരണമായ ഒരു താളം' 'സൈക്കിൾ മോഷ്ടാക്കൾ'ക്കുണ്ട്.
വിശകലനം ചെയ്ത് കുറിപ്പെഴുതുക.

4. വേരുകൾ നഷ്ടപ്പെടുത്തുന്നവർ എന്ന ലേഖനത്തിൽ പരാമർശിക്കുന്ന പെരുമ്പാവൂരിലെ
ഇരിങ്ങോൾ കാവിന്റെ പ്രത്യേകത എന്താണ്?

## ച

**അരപ്പുറത്തിൽ ഉത്തരം എഴുതുക** **(5 × 6 = 30)**

1. വാസനാവികൃതി എന്ന കഥയിലെ ഹാസ്യമുണർത്തിയ ഏതെങ്കിലും ഒരു സന്ദർഭവത്തെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.

2. ശ്രീകൃഷ്ണന്റെ ബാല്യകാലസ്മരണകളിൽ ഹൃദയസ്പർശിയായി നിങ്ങൾക്ക് തോന്നിയ ഒരു സന്ദർഭത്തെക്കുറിച്ച് കുറിപ്പ് എഴുതുക.

3. വൃദ്ധ- കൃത്രിമമായ കൊച്ചരിപ്പല്ലുകൾ കാട്ടി ചിരിച്ചു: ''ഓരോരോ മോഹങ്ങള്''.
എന്തിനെക്കുറിച്ചാണ് ഇവിടെ ''ഓരോരോ മോഹങ്ങള്'' എന്നു പറഞ്ഞ് പരിഹസിക്കുന്നത്?

4. ജനപ്രിയ സിനിമകളെ അപഗ്രഥിച്ചറിയണം എന്ന് ഒ.കെ. ജോണി അഭിപ്രായപ്പെടുന്നതിന്റെ കാരണങ്ങൾ നിരീക്ഷിക്കുക.

5. സന്ദർശനം, അനർഘനിമിഷം എന്നീ രചനകളിലെ ഭാവങ്ങൾക്കുള്ള സമാനതകൾ കണ്ടെത്തി കുറിപ്പെഴുതുക.

HSSLIVE.IN

ഛ

**ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക** (3 × 8 = 24)

D

1. 'കൈപ്പാട്', 'കേൾക്കുന്നുണ്ടോ' എന്നിവ ഹ്രസ്വചിത്രങ്ങളാണെങ്കിലും കഥാ സിനിമകളെക്കാൾ ആശയസംവേദനക്ഷമമാണ്.– വിലയിരുത്തുക.

**അല്ലെങ്കിൽ**

സൈക്കിൾ മോഷ്ടാക്കൾ എന്ന സിനിമയുടെ കേന്ദ്രപ്രമേയമായി ലേഖകൻ നിരീക്ഷിക്കുന്ന പ്രത്യാശ എന്ന ആശയം ദൃശ്യമാകുന്ന സന്ദർഭങ്ങളെ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

2. വർത്തമാനകാലത്തിന്റെ തിരക്കുപിടിച്ചതും സ്നേഹരഹിതവും സ്വാർത്ഥപൂരിതവുമായ അവസ്ഥകളിൽനിന്ന് ഭൂതകാലത്തിന്റെ സാന്ദ്രമായ ഓർമ്മകളിലേക്ക് പലായനം ചെയ്യുന്ന മനസ്സാണ് 'ശസ്ത്രക്രിയ'യിലെ അമ്മയുടേത്. നിങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുക.

**അല്ലെങ്കിൽ**

ഭാരതത്തിലെ ഏറ്റവും നിർഭാഗ്യയും ദയനീയയുമായ സ്ത്രീജീവിതമാണ് സംക്രമണം എന്ന കവിതയുടെ കേന്ദ്രം എന്ന അഭിപ്രായം സ്വീകാര്യമാണോ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

3. പ്രണയം പ്രായത്തെ അതിജീവിക്കുന്നകാഴ്ച 'സന്ദർശന'ത്തിലും 'ഊഞ്ഞാലി'ലും കാണാൻ കഴിയും. രണ്ടു രചനകളും വിലയിരുത്തി സമർത്ഥിക്കുക.

**അല്ലെങ്കിൽ**

നാം പരിചയിച്ചുപോന്ന മനുഷ്യകേന്ദ്രിതമായ പ്രപഞ്ചബോധമല്ല എൻ.എ. നസീർ മുന്നോട്ടു വയ്ക്കുന്നത്. വേരുകൾ നഷ്ടപ്പെടുത്തുന്നവർ എന്ന പാഠഭാഗത്തെ ആസ്പദമാക്കി നിഗമനങ്ങൾ അവതരിപ്പിക്കുക.

HSSLIVE.IN